പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.T3084 | 10. 05.2017 ൽ മറുപടി<br>നല്കേണ്ടത്. |

**ഓപ്പറേഷൻ സാഗർ റാണി പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഓപ്പറേഷൻ സാഗർ റാണി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | എ) | ഉണ്ട്. കേരളത്തിലെ മത്സ്യവിപണന മേഖലയുമായി ബന്ധപ്പെട്ട മത്സ്യഗുണനിലവാര സംബന്ധമായി ധാരാളം പരാതികൾ സമൂഹ മാധ്യമങ്ങളിലും മറ്റുമായി ഉയർന്നു വന്ന സാഹചര്യത്തിൽ മത്സ്യംകേടുകൂടാതിരിക്കുന്നതിനായി രാസവസ്തുക്കൾ ഉപയോഗിക്കുന്നു എന്ന പരാതിയുടെ വസ്തുത പരിശോധിച്ച് അറിയുന്നതിനായും മത്സ്യത്തിൽ മായംകലർത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായും ഭക്ഷ്യസുരക്ഷാവകുപ്പ് ആവിഷ്കരിച്ച കർമ്മ പദ്ധതിയാണ് ഓപ്പറേഷൻ സാഗർറാണി. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | ബി) | കേരളത്തിലെ ജനങ്ങൾക്ക് രാസവസ്തുക്കൾ കലരാത്ത ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുക എന്നതാണ് ഓപ്പറേഷൻ സാഗർറാണിയുടെ പ്രഥമ ദൗത്യം.<br>ഈ പദ്ധതിയുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ കേരളാ ഫിഷറീസ് ഡിപ്പാർട്ട്മെന്റ്, കേരളാ യൂണിവേഴ്സിറ്റി ഫിഷറീസ് ആന്റ് ഓഷ്യാനിക്ക് സയൻസ്, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ഫിഷറീസ് ടെക്നോളജി, മറൈൻ പ്രോഡക്ട് എക്സ്പോർട്ട് ഡെവലപ്പ്മെന്റ് അതോറിറ്റി എന്നിവരെ ഉൾപ്പെടുത്തി യോഗം ചേർന്നിരുന്നു. മത്സ്യമേഖലയിലെ പരിശോധനബോധവത്ക്കരണ പ്രവർത്തന പരിപാടികളിലൂടെ മത്സ്യമേഖലയിലെ ആശാസ്യമല്ലാത്ത പ്രവണതകൾ ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയും എന്ന ഉറപ്പോടുകൂടി ഭക്ഷ്യസുരക്ഷാ വകുപ്പിനൊപ്പം മറ്റ് വകുപ്പുകളെ കൂടി ഏകോപിപ്പിച്ചാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.<br>ഓപ്പറേഷൻ സാഗർറാണിയുടെ ആദ്യഘട്ടത്തിൽ 2016 ഡിസംബർ മാസത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്,കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലക |

| | | | |
|---|---|---|---|
| | | | ളിലെ മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും മത്സ്യലേല സ്ഥലങ്ങളിൽ നിന്നും മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനോടൊപ്പം കൈപുസ്തകങ്ങളും ബോധവത്കരണ നോട്ടീസുകളും വിതരണം ചെയ്തു. |
| സി) | ഈ പദ്ധതി പ്രകാരം നടത്തിയ പഠനത്തിന്റെ / പരിശോധനയിലെ കണ്ടെത്തൽ എന്തായിരുന്നു; ആയതിന്റെ അടിസ്ഥാനത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | സി) | ഓപ്പറേഷൻ സാഗർറാണിയുടെ ആദ്യഘട്ടത്തിൽ 2016 ഡിസംബർ മാസത്തോടുകൂടി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്,കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നും മത്സ്യലേല സ്ഥലങ്ങളിൽ നിന്നും മത്സ്യത്തിന്റെ ഏകദേശം 450 സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽ പരിശോധിപ്പിക്കുകയും കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ലാബിലും പരിശോധനയ്ക്കായി നൽകി. പരിശോധനാ ഫലങ്ങൾ ലഭ്യമായതിൽ നിന്നും 15 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിധ്യവും 5 സാമ്പിളുകളിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിധ്യവും കണ്ടെത്തിയിട്ടുണ്ട്.<br><br>ഓപ്പറേഷൻ സാഗർറാണിയുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ ജില്ലകളിൽ ബോധവത്ക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. ഓപ്പറേഷൻ സാഗർറാണിയുടെ മൂന്നാം ഘട്ടത്തിൽ മത്സ്യത്തിന്റെ ഗുണനിലവാര പരിശോധനയിൽ മത്സ്യത്തിൽ മായം കലർത്തിയതായി കണ്ടെത്തിയവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ശക്തമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ